## കേരള സർക്കാർ

No. PLGEA-BPE3/67/2022-PLGEA

ആസൂത്രണ സാമ്പത്തികകാര്യ
(ബി.പി.ഇ.) വകുപ്പ്
തിരുവനന്തപുരം, തീയതി : 01/04/2022

### പരിപത്രം

വിഷയം: ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് - കമ്പനി/ബോർഡ്/ കോർപ്പറേഷനുകളിൽ ഡ്രൈവർ തസ്തിക,ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് എന്ന് പുനർനാമകരണം ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന: 20.03.2017-ലെ സ.ഉ.(എം.എസ്.)നം.14/2017/പ്ലാനിംഗ്. നമ്പർ സർക്കാർ ഉത്തരവ്.

കമ്പനി/ബോർഡ്/കോർപ്പറേഷൻ എന്നിവകളിലെ ഡ്രൈവർ തസ്തിക, ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് എന്ന് പുനർനാമകരണം ചെയ്യണമെന്ന് നിർദ്ദേശിച്ചുകൊണ്ട് സൂചനപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ചില സ്ഥാപനങ്ങൾ പ്രസ്തുത തസ്തികയുടെ പേര് പുനർ നാമകരണം ചെയ്ത് അവയുടെ നിയമന ചട്ടത്തിൽ ഭേദഗതി വരുത്താത്തതിനാൽ പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി നിയമനം നടത്താൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും ഇത് മൂലം വളരെക്കുറച്ച് ഒഴിവുകൾ മാത്രമേ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളൂവെന്നും ആക്ഷേപം ഉയർന്നിട്ടുണ്ട്. അതിനാൽ ഇതുവരെയും പ്രസ്തുത തസ്തിക പുനർനാമകരണം ചെയ്യാത്ത സ്ഥാപനങ്ങൾ അടിയന്തിരമായി ഈ വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് നിയമനചട്ടത്തിൽ ഭേദഗതി വരുത്തുകയും നിലവിലുള്ള ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ ഒഴിവുകൾ അടിയന്തിരമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതുമാണെന്നും നിർദ്ദേശിക്കുന്നു. പ്രസ്തുത ഭേദഗതി നടപ്പിൽ വരുത്തുന്ന വിഷയത്തിൽ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

**സഞ്ജയ് എം കൗൾ**
**സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും /മാനേജിംഗ് ഡയറക്ടർമാർക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ ഭരണ വകുപ്പുകൾക്കും.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**